സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 28.11.2023

നമ്പർ. C2/49971/23/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതികം-വിദ്യാഭ്യാസം -സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് -അക്കാദമിക് (എ )സെക്ഷൻ - പൊക്സോ കേസുകളുടെ വർദ്ധനവ് തടയുന്നതിനായി സ്വീകരിക്കുന്ന മാർഗ്ഗനിർദേശങ്ങൾ - സംബന്ധിച്ച്:-

സൂചന :- 1.12-10-2023 സർക്കാർ കത്ത് നമ്പർ K3/184/2023 -HEDN

ഈ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ/എയ്ഡഡ്പോളിടെക്കനിക്ക് കോളേജുകളിലും പൊക്സോ കേസുകൾ തടയുന്നത് സംബന്ധിച്ച് സൂചന കത്ത് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തണമെന്ന് എല്ലാ സ്ഥാപനമേധാവികൾക്കും നിർദ്ദേശം നല്കുന്നു.

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്

1.ഈ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ/എയ്ഡഡ് പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽമാർക്കും
2.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Approval Valid

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 28.11.2023
Reason: Approved

Draft #1 of File C2/49971/23/DTE Approved by Senior Joint Director (PS) on 28-Nov-2023 02:34 PM - Page 1

The document is digitally approved. Hence signature is not needed.

## POCSO കേസുകളുടെ വർദ്ധനവ് തടയുന്നതിനായി സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ

1) ലൈംഗികപരമായി ഉണ്ടാകാവുന്ന പീഡനങ്ങളെപ്പറ്റി അവബോധം ഉണ്ടാക്കുന്നതിലേക്കും കുട്ടികൾക്ക് Good touch, Bad touch എന്നിവ മനസിലാക്കുന്നതിനും, അതിനെതിരെ എങ്ങനെ പ്രതികരിക്കണമെന്നും സ്കൂൾ തലത്തിൽ പ്രധാന അധ്യാപകരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ കുട്ടികൾക്ക് ബോധവത്കരണം നടത്തേണ്ടതാണ്.

2) സ്കുളുകളിൽ ലൈംഗിക ബോധവത്കരണം നടത്തുന്നതിനായി സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ സേവനം നൽകുന്നതായി അറിയുന്നു. ഇത്തരത്തിലുള്ള സേവനം എല്ലാ സർക്കാർ സ്വകാര്യ മേഖലയിലുള്ള സ്കുളുകളിലും ഉറപ്പുവരുത്തേണ്ടതാണ്.

3) കുട്ടികൾക്കുണ്ടാകുന്ന ലൈംഗിക പീഡനം സംബന്ധിച്ച പരാതികൾ രഹസ്യമായി സ്കൂൾ അധികാരികളെ അറിയിക്കുന്നതിലേക്കായി എല്ലാ സ്കുളുകളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കേണ്ടതും, ഇക്കാര്യം സ്കൂൾ അസംബ്ലികളിൽ പ്രധാന അധ്യാപകർ മുഖേന കുട്ടികളെ അറിയിക്കേണ്ടതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ രഹസ്യസ്വഭാവത്തോടെ കൈകാര്യം ചെയ്യും എന്നും കുട്ടികളെ സ്കൂൾ അധികാരികൾ അറിയിക്കേണ്ടതാണ്.

4) സ്കൂൾ തലത്തിൽ നടത്തുന്ന PTA മീറ്റിംഗുകളിൽ ഇത് സംബന്ധിച്ചുള്ള ചർച്ചകളും, ബോധവൽകരണ പരിപാടികളും സംഘടിപ്പിക്കേണ്ടതും, കുട്ടികളുടെ സ്വഭാവത്തിലുണ്ടാകുന്ന വ്യതിയാനവും മറ്റും നിരീക്ഷിച്ച് ഇത്തരം സംഭവങ്ങൾ സമയബന്ധിതമായി കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5) സ്കുളുകളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനും മറ്റും നിയോഗിക്കുന്ന വാഹനങ്ങളിലെ ജീവനക്കാരുടെ ക്രിമിനൽ പശ്ചാത്തലം സ്കൂൾ അധികാരികളുടെ ഉത്തരവാദിത്വത്തിൽ അന്വേഷിക്കേണ്ടതും, ക്രിമിനൽ പശ്ചാത്തലമുള്ള വ്യക്തികളെ ആയതിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

6) ഗാർഹിക അന്തരീക്ഷത്തിലും മറ്റും കുട്ടികൾ നേരിടുന്ന യഥാർത്ഥ ചൂഷണങ്ങളെ സംബന്ധിച്ചും കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ചും ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിന് ആശാവർക്കർമാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതും ആയതിന് ആശാവർക്കർമാർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്.

7) സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവിടങ്ങളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് എന്നിവരുടെ സഹായത്തോടെ കുട്ടികൾക്കുണ്ടാകുന്ന ലൈംഗിക പീഡനങ്ങളെ സംബന്ധിച്ച് അവബോധം വളർത്തേണ്ടതും അത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായാൽ സ്വീകരിക്കേണ്ട തുടർ നടപടികളെ സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ ബോധവത്ക്കരണം നടത്തേണ്ടതുമാണ്.

*****